പതിമൂന്നാം കേരളനിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1894 | 06.07.2015 ൽ മറുപടിക്ക്

അന്യസംസ്ഥാന തൊഴിലാളികളുടെ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.സി. ജോർജ്ജ് | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| എ) അന്യസംസ്ഥാന തൊഴിലാളികളുടെ കുറ്റകൃത്യങ്ങൾക്കെതിരെ എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ; | (എ) കുറ്റകൃത്യങ്ങളിലേർപ്പെടുന്ന അന്യസംസ്ഥാന തൊഴിലാളികൾക്കെതിരെ നിലവിലുള്ള നിയമമനുസരിച്ച് കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) ഇങ്ങനെ ജോലി തേടിയെത്തുന്ന അന്യസംസ്ഥാന തൊഴിലാളികളെ നിയന്ത്രിക്കാനും നിരീക്ഷിക്കാനും എന്തെങ്കിലും നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കുമോ ; | (ബി) അന്യസംസ്ഥാന തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും എല്ലാ പോലീസുദ്യോഗസ്ഥർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്പെഷ്യൽ ബ്രാഞ്ച് ഇക്കാര്യത്തിൽ ജാഗ്രത പുലർത്തുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ തിരിച്ചറിയൽ രേഖകളുടെ പകർപ്പ്, ഫോട്ടോ എന്നിവ സഹിതമുള്ള വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിൽ ശേഖരിച്ചുവരുന്നുണ്ട്. തൊഴിലുടമകളുമായി ബന്ധപ്പെട്ട് വരുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ വിലാസവുംമറ്റ് വിവരങ്ങളും അതാത് സ്റ്റേഷനുകളിൽ ശേഖരിച്ചുവരുന്നുണ്ട്.<br>തൊഴിലുടമയുടെയും തൊഴിൽ സ്ഥാപനത്തിന്റെയും പേരും വിലാസവും, അന്യസംസ്ഥാന തൊഴിലാളിയുടെ പേരും വിലാസവും, ഫോട്ടോ, ഒപ്പ്, എന്നുമുതൽ ജോലി ചെയ്തുവരുന്നു തുടങ്ങിയ കാര്യങ്ങളും രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചുവരുന്നുണ്ട്. അന്യസംസ്ഥാനത്തു നിന്നും പുതുതായി ആളുകൾ സ്ഥിരമായ തൊഴിലുകൾക്ക് വരുമ്പോൾ അവരുടെ വിവരങ്ങൾ |

രജിസ്റ്ററിൽ കൂട്ടിച്ചേർക്കാറുണ്ട്. പോലീസ് സ്റ്റേഷനിൽ സ്റ്റേഷൻ ഹൌസ് ഓഫീസറെയാണ് ഇക്കാര്യങ്ങൾക്കായി ചുമതലപ്പെടുത്തിയിരിക്കുന്നത്. അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങളിലും തൊഴിലിടങ്ങളിലും പരിശോധന നടത്തുന്നതിനും അവരുടെ കൈവശമുള്ള തിരിച്ചറിയൽ രേഖകൾ കൃത്യമാണോ എന്ന് പരിശോധിച്ച് ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിനും എല്ലാ പോലീസുദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിൽപ്പിന്നെ അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളാകുന്ന എത്ര ക്രിമിനൽ കേസ്സുകൾ കേരളത്തിൽ രജിസ്റ്റർ ചെയ്യിട്ടുണ്ടെന്നു ജില്ല തിരിച്ച് വിശദമാക്കുമോ ; ഇതിൽ എത്ര കൊലപാതകക്കേസ്സുകൾ ഉണ്ടെന്ന് പ്രത്യേകം വിവരിക്കുമോ ?

(സി) 1322 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 78 കൊലപാതക കേസുകൾ ഉൾപ്പെടുന്നു. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

Rajani-M

സെക്ഷൻ ഓഫീസർ

അനുബന്ധം

G1/890/LAI/SCRB/2015

C

| District | അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ ക്രിമിനൽ കേസുകളുടെ എണ്ണം | ഇതിൽ ഉൾപ്പെട്ട കൊലപാതക കേസുകളുടെ എണ്ണം |
|---|---|---|
| TVM C | 55 | 2 |
| TVM R | 29 | 3 |
| KLM C | 23 | 3 |
| KLM R | 33 | 4 |
| PTA | 75 | 6 |
| ALP | 57 | 2 |
| KTM | 67 | 3 |
| IDK | 7 | 2 |
| EKM C | 211 | 8 |
| EKM R | 269 | 4 |
| TSR C | 19 | 3 |
| TSR R | 30 | 5 |
| PKD | 21 | 5 |
| MPM | 193 | 10 |
| KKD C | 44 | 3 |
| KKD R | 59 | 2 |
| WYD | 4 | 1 |
| KNR | 37 | 7 |
| KSD | 15 | 4 |
| RLY | 74 | 1 |
| **Total** | **1322** | **78** |

Rajani .M
സെക്ഷൻ ഓഫീസർ